# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി റ്റി.വി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, സംയോജിത ശിശു സംരക്ഷണ പദ്ധതി - കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.റ്റി.വി ക്യാമറകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) 05/03/2021-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 34.4.
(2) കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 11/09/2020 -ലെ CHK/94/2015 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ : ICPS 2/2424/2020 തീയതി : 19/04/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.റ്റി.വി ക്യാമറകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിലേയ്ക്കായി പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് ഇലക്ട്രോണിക്സ് വിംഗ് അസിസ്റ്റന്റ് എഞ്ചിനിയറുടെ എസ്റ്റിമേറ്റ് പ്രകാരം 6,50,000/-രൂപ അനുവദിക്കണമെന്ന് പി.ഡബ്ലിയു.ഡി എസ്റ്റിമേറ്റ് സഹിതം പരാമർശം രണ്ട് പ്രകാരം സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

പരാമർശം ഒന്ന് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിൽ സി.സി.റ്റി.വി ക്യാമറകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ഐ.ടി വിദഗ്ദ്ധരെ ഉപയോഗിച്ച് ഗുണനിലവാരം പരിശോധിക്കണമെന്നുള്ള നിബന്ധനയോടു കൂടി പി.ഡബ്ലിയു.ഡി ഇലക്ട്രോണിക്സ് വിംഗ് എസ്റ്റിമേറ്റ് പ്രകാരം 6,50,000/-രൂപ STSB A/C 701121400000005-ൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

ടി സാഹചര്യത്തിൽ സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.റ്റി.വി ക്യാമറകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിലേയ്ക്കായി പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് ഇലക്ട്രോണിക്സ് വിംഗ് അസിസ്റ്റന്റ് എഞ്ചിനിയറുടെ എസ്റ്റിമേറ്റ് പ്രകാരം 6,50,000/-രൂപ (ആറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു

ടി തുക (6,50,000/-രൂപ) STSB A/C 701121400000005-ൽ നിന്നും ക്രഡിറ്റ് ട്രാൻസ്ഫർ ആയി സ്ഥാപന സൂപ്രണ്ടിന് (STSB Account Number : 703011400000204, Account Name : Govt Children's Home Kollam, Treasury Name : District Treasury, Kollam, DDO Code : 0301860008, Phone Number of Superintendent : 8547955748) അനുവദിച്ച് നൽകേണ്ടതാണ്. സ്ഥാപന

PTO

സൂപ്രണ്ട് പ്രസ്തുത തുക എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം (Head of Account : 8443-00-108 PW Deposit, DDO Code : 0104-59B-046) ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് ചെയ്ത് നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് ഐ.ടി വിദഗ്ധരെ ഉപയോഗിച്ച് പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കേണ്ടതും, പരിശോധനാ റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. സ്ഥാപനത്തിൽ പ്രസ്തുത ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, ജോലികൾ കഴിയുന്ന മുറയ്ക്ക് വർക്ക് കംപ്ലീഷൻ സർട്ടിഫിക്കേറ്റ് പി.ഡബ്ല്യു.ഡി-യുടെ പക്കൽ നിന്നും സ്ഥാപന സൂപ്രണ്ട് വാങ്ങി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ടി തുകയുടെ റസീപ്റ്റ്, ധനവിനിയോഗ സർട്ടിഫിക്കേറ്റ് എന്നിവ സ്ഥാപന സൂപ്രണ്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
ബീച്ച് റോഡ്, കൊല്ലം

പകർപ്പ്

1) ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കൊല്ലം (അറിവിലേയ്ക്കായി)
2) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കൊല്ലം (അറിവിലേയ്ക്കായി)
3) ഐ.സി.പി.എസ്-4 (എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4) സ്റ്റോക്ക് ഫയൽ
5) സ്പെയർ കോപ്പി
6) വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT